**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1701** **08-10-2021 - ൽ മറുപടിയ്ക്ക്**

**പോസ്റ്റ് കോവിഡ് അവശതകൾ അനുഭവിക്കുന്നവർക്കുള്ള ആശ്വാസ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പോസ്റ്റ് കോവിഡ് അവശതകൾ അനുഭവിക്കുന്നവർക്കായി സാമൂഹ്യനീതി വകുപ്പ് ആശ്വാസ പദ്ധതികൾ ആവിഷ്കരിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ ? | (എ) | കൊവിഡ് വ്യാപന പശ്ചാത്തലത്തിൽ വയോജനങ്ങൾക്കുവേണ്ടി ആരംഭിച്ച പദ്ധതിയാണ് വയോപോഷണം, കൊവിഡ് സാഹചര്യത്തിൽ മുതിർന്ന പൗരൻമാരുടെ ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും, പോഷകാഹാര ലഭ്യതയ്ക്കായി ഫുഡ് കിറ്റ് വിതരണം ചെയ്യുന്ന പദ്ധതിയാണ് വയോപോഷണം, മുതിർന്ന പൗരൻ മാർക്ക് വാർദ്ധക്യ സഹജമായ ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനും, ആരോഗ്യം നിലനിർത്തുന്നതിനുമായി ഉപയോഗിക്കാൻ കഴിയുന്ന തരത്തിലുള്ള രണ്ട് മാസത്തേ ക്കാവശ്യമുള്ള ഭക്ഷ്യപദാർത്ഥങ്ങൾ ഉൾപ്പെടുത്തിയാണ് കിറ്റ് വിതരണം ചെയ്യുന്നത്. സായംപ്രഭ പകൽ വീട്ടുകൾ വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്. കോവിഡ് 19 കാരണം വീട്ടുകളിൽ കഴിയുന്ന ഭിന്നശേഷിക്കാർക്കും ഇവരുടെ രക്ഷിതാക്കൾക്കും മാനസിക പിന്തുണ ലഭ്യമാക്കുന്നതിനും, അവശ്യ സേവനങ്ങളും, സഹായങ്ങളും വീട്ടു പടിക്കൽ എത്തിക്കുക എന്ന പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ വിദ്യാഭ്യാസം, തദ്ദേശസ്വയംഭരണം. ആരോഗ്യം, വനിതാ-ശിശു വികസന വകുപ്പുകളുടെ സഹകരണത്തോടെ തനിച്ചല്ല നിങ്ങൾ, ഒപ്പമുണ്ട് ഞങ്ങൾ എന്ന സന്ദേശമുയർത്തി സഹജീവനം ഭിന്നശേഷി സഹായ കേന്ദ്രങ്ങൾ സംസ്ഥാനത്തെ മുഴുവൻ ബ്ലോക്കുകളിലും ആരംഭിച്ചിട്ടുണ്ട്. ഭിന്നശേഷിക്കാരുടേയും കുടുംബത്തിന്റെയും മാനസികാരോഗ്യ സംരക്ഷണത്തിനായുള്ള കൗൺ സിലിംഗ് റഫറൽ സേവനങ്ങൾ, കോവിഡ്, പ്രളയം പോലുള്ള പ്രകൃതി ദുരന്തങ്ങളിൽ നിന്നുള്ള സംരക്ഷണം, ഭിന്നശേഷിക്കാരെ പരിചരിക്കുന്ന രക്ഷിതാക്കൾ കോവിഡ് ബാധിതരാകുന്ന സാഹചര്യത്തിൽ ഭിന്നശേഷിക്കാർക്ക് സുരക്ഷിതമായ താമസ സൗകര്യം ഒരുക്കാൻ ക്രമീകരണങ്ങൾ ചെയ്യുന്നതിന് |

| | | | |
|---|---|---|---|
| | | | സഹായം ലഭ്യമാക്കൽ, ഭിന്നശേഷിക്കാരുടെ വാക്സിനേഷൻ നടപടികൾ ഉറപ്പ് വരുത്തൽ, മരുന്ന്, ഭക്ഷണം മുതലായവ ലഭ്യമാക്കുന്നതിന് സന്നദ്ധ സംഘടനകളുടെ സേവനം ഉറപ്പാക്കൽ എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ഇടപെടൽ മേഖലകൾ. പദ്ധതിയുടെ ഭാഗമായി മുഴുവൻ ഗ്രാമ പഞ്ചായത്തുകളിലും, മുനിസിപ്പാലിറ്റികളിലും, കോർപ്പറേഷനു കളിലും 3 വീതം വോളന്റിയർമാരേയും കൂടാതെ എല്ലാ ബ്ലോക്ക് തല സഹായ കേന്ദ്രങ്ങളിലും മൂന്ന് വോളന്റിയർ മാരേയും ആവശ്യമായ പരിശീലനം നൽകി സജ്ജരാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ സ്പെഷ്യൽ സ്കൂളുകൾ, ബഡ്സ് സ്കൂളുകൾ എന്നിവിടങ്ങളിലെ അദ്ധ്യപകരേയും, സമഗ്ര ശിക്ഷാ കേരളയുടെ, ബി.ആർ.സി. കളിലെ സ്പെഷ്യൽ എഡ്യൂക്കേറ്റർമാരേയുമാണ് വോളന്റിയർമാരായി തെരെഞ്ഞെ ടുത്തിരിക്കുന്നത്. ഇത്തരത്തിൽ 3000 വോളന്റിയർമാർ പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്നു. പഞ്ചായത്ത് തലത്തിൽ ഒരു വോളന്റിയർ ഒരു ദിവസം 5 ഭിന്നശേഷിക്കാരെ ഫോണിൽ അങ്ങോട്ട് ബന്ധപ്പെട്ട് വിവരങ്ങൾ തിരക്കുകയും, കൂടുതൽ സേവനം ആവശ്യമുള്ളവരെ ബ്ലോക്കുതല കേന്ദ്രങ്ങളുമായി ബന്ധപ്പെടുത്തുകയും സേവനം ലഭ്യമാകുന്നു എന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നു. ജില്ലാതലങ്ങളിൽ നാഷണൽ ട്രസ്റ്റ് നിയമം നടപ്പാക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള ലോക്കൽ ലെവൽ കമ്മിറ്റികളുടെ സഹായത്തോടെ ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ നേതൃത്വത്തിൽ മറ്റു വകുപ്പുകളുടെ മേധാവികൾ കൂടി ഉൾപ്പെട്ട ജില്ലാതല സമിതിയാണ് ഇതിന്റെ പ്രവർത്തനം എകോപിപ്പിക്കുന്നത്. ബ്ലോക്ക് തലത്തിൽ പരിഹാരം കാണാൻ സാധിക്കാത്ത വിഷയങ്ങളിൽ ജില്ലാ തല സമിതി പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നുണ്ട്. പോസ്റ്റ് കോവിഡ് അവശതകൾ അനുഭവിക്കുന്നവർക്കായി പ്രത്യേക പദ്ധതികൾ നിലവിൽ നടപ്പാക്കി വരുന്നില്ല. |

സെക്ഷൻ ഓഫീസർ